ലഭിക്കുന്നില്ലായെന്ന് ആലപ്പുഴയിലെ ഏഴുപുന്ന തൊഴിലാളി ഏകോപന സഹകരണ സംഘം ഹൈക്കോടതിയിൽ സമർപ്പിച്ച പരാതിയിൽ പരാമർശിച്ചിരുന്നു. കോടതി നിർദ്ദേശപ്രകാരം ആലപ്പുഴ ജില്ലാ ലേബർ ഓഫീസർ (ഇ) യെ ഈ മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് നിയമപരമായ ആനുകൂല്യങ്ങളും മറ്റു സൗകര്യങ്ങളും ഉറപ്പാക്കുന്നതിനായി പ്രത്യേകം ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) നിലവിലുള്ള തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്കായി പ്രത്യേകം ടോയ്‌ലറ്റുകൾ, ശിശുപരിപാലന കേന്ദ്രങ്ങൾ (ക്രഷ്) പ്രത്യേകമായ വിശ്രമമുറികൾ തുടങ്ങിയ സൗകര്യങ്ങൾ നിർമ്മിക്കുന്ന സമഗ്രമായ വ്യവസ്ഥകൾ നിലവിലുണ്ട്. കൂടാതെ പൊതുമേഖലയിലേയും സ്വകാര്യമേഖലയിലേയും, വിവിധ വ്യവസായ സ്ഥാപനങ്ങൾ സ്ത്രീതൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികൾക്കായി സൗജന്യമായോ ആദായകരമായ രീതിയിലോ യാത്രാ സൗകര്യം നൽകുന്നുണ്ട്. മാത്രമല്ല സ്ത്രീ തൊഴിലാളികളെ സാധാരണ ജോലി സമയത്തിൽ കൂടുതൽ പണിയെടുപ്പിക്കുന്നതിനായി സർക്കാർ അനുവാദം നൽകുന്ന സാഹചര്യങ്ങളിൽ അവർക്ക് യാത്രാ സൗകര്യം ഏർപ്പെടുത്തണമെന്ന് പ്രത്യേകമായി നിഷ്കർഷിക്കാറുമുണ്ട്.

(ഡി) സുപ്രീം കോടതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 1958-ലെ കേരള ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാന്റിംഗ് ഓർഡേഴ്സ്) റൂളിൽ ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ടുള്ള ഉത്തരവ്പ്രകാരം കേരള ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇത് കർശനമായി നടപ്പാക്കാൻ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേന്ദ്രവൈദ്യുതി ബില്ലിലെ വ്യവസ്ഥകൾ

7(*36) ശ്രീ. പി. ജെ. ജോയി :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രവൈദ്യുതി ബില്ലിലെ വ്യവസ്ഥകളിൽ സംസ്ഥാന സർക്കാർ പ്രതിഷേധം പ്രകടപ്പിച്ചിരുന്നുവോ ;

(ബി) പ്രസ്തുത ബില്ലിൻമേൽ സംസ്ഥാന സർക്കാർ ഭേദഗതികളോ അഭിപ്രായങ്ങളോ കേന്ദ്രഗവൺമെന്റിനെ അറിയിച്ചിരുന്നുവോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) പ്രതിഷേധവും എതിർപ്പും പ്രകടിപ്പിച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാന സർക്കാർ കേന്ദ്ര വൈദ്യുതി ബില്ലിനെ മൊത്തത്തിൽ എതിർത്തിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ എതിർപ്പ് കേന്ദ്ര ഗവൺമെന്റിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly